ബഹളമുണ്ടാക്കിക്കൊണ്ടിരുന്നാൽ മാത്രം മതിയെങ്കിൽ ചെയറിന് യാതൊരു വിരോധവുമില്ല. അതല്ല സാധാരണപടികം നടത്തിക്കൊണ്ടുപോകണമെങ്കിൽ കുറച്ചുകൂടി ഭംഗിയായിട്ട് പെരുമാറണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അപ്പുക്കാദർ കുട്ടിനഹ) : സർ, പ്രതിപക്ഷ നേതാവിന് ശ്രീ. പി. സി. ജോർജ് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കാൻ പോകുന്നത്. മിനിസ്റ്റർ മറുപടി പറഞ്ഞാൽ അന്നേരവും അത് വേണ്ടിവരുമോ? അതൊന്നറിയണം.

മി. സ്പീക്കർ : ഇതിനകത്ത് യാതൊരു സംശയവും വേണ്ട. ഈ സഭയിലെ ഒരംഗത്തെ പരാമർശിക്കുന്ന ഏതു പ്രശ്നം വന്നാലും ഏത് അംഗം എപ്പോഴും ആവശ്യപ്പെട്ടാലും അത് ചട്ടപ്രകാരം ശരിയാണെന്ന് ചെയറിന് ഉത്തമ ബോദ്ധ്യമുണ്ടെങ്കിൽ പേഴ്സണൽ എക്സ്പ്ലനേഷന് സമയം കൊടുക്കും. ആര് എതിർത്താലും അത് ബാധകമല്ല. .....(ബഹളം).....

ശ്രീ. ഇ. കെ. നായനാർ : സർ, എന്നേതു പേഴ്സണൽ എക്സ്പ്ലനേഷൻ അല്ല. ഇതിനെ സംബന്ധിച്ച് അന്വേഷിച്ച് വിവരം കൊടുക്കാമെന്ന് ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. .....(ബഹളം)

മി. സ്പീക്കർ : ചെയറിന് ഇതിനകത്ത് ചട്ടപ്രകാരമുള്ള കാര്യങ്ങളല്ലാതെ മറ്റൊന്നും നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല. ഏതു ഭാഗത്തു നിന്നും ബഹളമുണ്ടാക്കിക്കൊണ്ട് അഭിപ്രായം പറയാൻ ചെയർ അനുവദിക്കുകയില്ല, ഒരു ഭാഗത്തിനും അനുവദിക്കുന്ന പ്രശ്നവുമില്ല.

ശ്രീ. ഇ. കെ. നായനാർ : ഞാൻ പറയുന്നതെന്താണെന്നു വച്ചാൽ ആഭ്യന്തരവകുപ്പുമന്ത്രി വയലാർ രവി ഇതിനെപ്പറ്റി അന്വേഷിച്ച് അസത്യവും അവാസ്തവവുമായ റിപ്പോർട്ടാണെങ്കിൽ അങ്ങനെ, സത്യമാണെങ്കിൽ സത്യം- ഇതിനെപ്പറ്റി വ്യക്തമായ തീരുമാനമെടുക്കാതെ അന്ന് നമ്മുടെ കൂടെയുണ്ടായിരുന്ന ശ്രീ. കെ. എം. മാണിയും ശ്രീ. വയലാർ രവിയും ശ്രീ. ഉമ്മൻ ചാണ്ടിയുമെല്ലാം ഉൾപ്പെട്ടിട്ടുള്ള ആ കക്ഷി ഇന്ന് ആ ഭരണത്തെ .... (ബഹളം) ഇതിനെ സംബന്ധിച്ച് മറുപടി പറഞ്ഞാൽ എനിക്ക് പേഴ്സണൽ എക്സ്പ്ലനേഷന് അവസരം തരണം; ഞാൻ അപ്പോൾ വിശദമായിട്ട് കാര്യങ്ങൾ പറഞ്ഞുകൊള്ളാം.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, റൂൾ 155 പ്രകാരം ഞാൻ ഒരു അവകാശലംഘന പ്രമേയത്തിന് നോട്ടീസ് തന്നിട്ടുണ്ട്.....ബഹളം.....

മി. സ്പീക്കർ: അങ്ങയുടെ അവകാശ ലംഘന പ്രമേയം ചെയർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സഭ തീരുന്നതിനുമുമ്പ് റൂളിംഗ് തരുന്നതാണ്.

V മേശപ്പുറത്തുവച്ച കടലാസുകൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡിന്റെ 1983-84 ലേക്കുള്ള ഏഴാമത വാർഷിക റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(1) 1984 ആഗസ്റ്റ് 9-ാം തീയതിയിലെ ജി. ഒ. (പി) 392/84/ഫിൻ.

(2) 1986 ജനുവരി 2-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 1/86/റവ. ഡി. (എസ്. ആർ. ഒ. നമ്പർ 182/86)

(3) 1986 ജനുവരി 17-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 8/85/റവ. ഡി. (എസ്. ആർ. ഒ. നമ്പർ 315/86).

(4) 1986 ജനുവരി 21-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 11/86/റവ. ഡി. (എസ്. ആർ. ഒ. നമ്പർ 352/86).

(5) 1986 ജനുവരി 21-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 12/86/റവ. ഡി. (എസ്. ആർ. ഒ. നമ്പർ 337/86).

(6) 1986 ജനുവരി 31-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 13/86/റവ ഡി. (എസ്. ആർ. ഒ. നമ്പർ 338/86).

(7) 1986 ഫെബ്രുവരി 7-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 17/86/റവ. ഡി. (എസ്. ആർ. ഒ. നമ്പർ 374/86).

(8) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ 1984 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തെ കണക്കിൻമേലുള്ള ആഡിറ്റ് റിപ്പോർട്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1986 ഫെബ്രുവരി 18-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 30/86/പി ഡബ്ല്യു. ആൻഡ് റവ. (എസ്. ആർ. ഒ. നമ്പർ 272/86)

VI റിപ്പോർട്ട് സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 107 മുതൽ 126 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. വാസുദേവമേനോൻ.—സർ, 1984-86-ലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 107 മുതൽ 126 വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു

(2) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ 6 മുതൽ 9 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. രാഘവൻ മാസ്റ്റർ :—സർ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ 6 മുതൽ 9 വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 25-ാം മത് റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ :—സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 25-ാ മത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly